വയനാട് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്

(സാന്നിധ്യം:ശശീന്ദ്രവ്യാസ് വി എ, പെൻ നമ്പർ:280725)

വിഷയം:- പൊതുവിദ്യാഭ്യാസം- അന്തർജില്ലാ സ്ഥലം മാറ്റം 2024-25-അന്തിമ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു .

**പരാമർശം:-**

1. 1.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29-11-2024, 27-12-2024 തിയതികളിലെ DGE/20836/2024-A1 നമ്പർ സർക്കുലർ
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27-03-2025 തീയ്യതിയിലെ DGE/20836/2024-A1 നമ്പർ കത്ത്.

3.അധ്യാപകർ സമർപ്പിച്ച ഓൺലൈൻ അപേക്ഷകൾ

<u>ഉത്തരവ് നമ്പർ DDEWYD/3485/2024-A4/തീയതി : 05-04-2025</u>

പൊതുവിദ്യാഭ്യാസ വകുപ്പിലെ സർക്കാർ വിദ്യാലയങ്ങളിലെ അധ്യാപകരുടെ 2024-25 അദ്ധ്യയന വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ പരാമർശം 1പ്രകാരം ക്ഷണിച്ചിരുന്നു. ആയതിൻറെ അടിസ്ഥാനത്തിൽ അധ്യാപകർ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ച് തയ്യാറാക്കിയ സീനിയോരിറ്റി ലിസ്റ്റിൻറെ അടിസ്ഥാനത്തിൽ ചുവടെ പേര് ചേർത്ത അധ്യാപകന് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നമ്പർ | അപേക്ഷ നമ്പർ | പേര് | തസ്തിക | നിലവിൽ ജോലിചെയ്യുന്ന സ്കൂൾ | സ്ഥലം മാറ്റം ലഭിച്ച സ്കൂൾ |
|---|---|---|---|---|---|
| 1 | 4804705 | REMYA M R | HST HINDI | VMCGHSS WANDOOR MALAPPURAM | GHSS MOOLANKAAVU |

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരുടെ സർവീസ് സീനിയോരിറ്റി ജില്ലയിൽ സേവനത്തിൽ പ്രവേശിക്കുന്ന തീയ്യതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. സേവനത്തിൽ പ്രവേശിക്കുന്ന ദിവസം അധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിൽ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അധ്യാപകരെ വിടുതൽ ചെയ്യുന്നതിന് മുന്പ് മേൽ വിവരങ്ങൾ രേഖപ്പെടുത്തിയ സാക്ഷ്യപത്രം ആഫീസ് മേധാവി മേലൊപ്പ് വെച്ച് സേവന പുസ്തകത്തിൽ പതിപ്പിക്കേണ്ടതും ആയത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ സേവന പുസ്തകത്തിൽ വരുത്തേണ്ടതുമാണ്. തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ സ്ഥലംമാറ്റം അനുവദിച്ചത് എങ്കിൽ ടി ഉത്തരവ് പുന:പരിശോധനക്ക് വിധേയമായിരിക്കും.

23/08/2012 ലെ സർക്കാർ ഉത്തരവ് GO(P)NO.42/12/P&ARD പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അധ്യാപകർ ഈ ജില്ലയിൽ പുതുതായി നിരീക്ഷണ കാലയളവ് പൂർത്തീകരിക്കേണ്ടതാണ്.(സേവനത്തിൽ പ്രവേശിച്ച തീയ്യതി മുതൽ 2 വർഷം).

അധ്യാപകർ സേവനത്തിൽ പ്രവേശിച്ച വിവരം ബന്ധപെട്ട പ്രധാനധ്യാപകർ യഥാസമയം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതാണ്.

ടി നിയമനം നടപ്പ വർഷത്തെ ജില്ലാന്തര സ്ഥലമാറ്റ നിയമനങ്ങൾക്ക് വിധേയമായിരിക്കുന്നതാണ്.

Signed by
Saseendravyas V A
Date: 05-04-2025 11:11:22

വിദ്യാഭ്യാസ ഉപഡയറക്ടർ,
വയനാട്

സ്വീകർത്താവ് :

ബന്ധപ്പെട്ട കക്ഷിക്ക്

പകർപ്പ് :

1. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർക്ക്
2. ബന്ധപ്പെട്ട പ്രധാനധ്യാപകന്